**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 372** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ ഒരു തദ്ദേശ സ്വയംഭരണം ഒരു ഉല്പന്നം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം പദ്ധതി 19 തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുക, കർഷകർക്കും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്കും ന്യായമായ വില ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | 'ഒരു തദ്ദേശ സ്വയംഭരണം ഒരു ഉൽപ്പനം' പദ്ധതി നടപ്പിലാക്കിയിട്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|
| 1. | അതിരമ്പുഴ | ചക്ക ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കുടുബശ്രീ സംരഭങ്ങൾക്ക് പരിശീലനം നല്കിവരുന്നു. |
| 2. | ചെമ്പ് | മീനും കക്കയും ഉൽപന്നമായി തെരഞ്ഞെടുത്ത് മോണിറ്ററിംഗ് സമിതി തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ യോഗം ചേർന്നു. |
| 3. | ചിറക്കടവ് | ചിപ്രോ എന്ന പേരിൽ കപ്പയിൽ നിന്നും മൂല്യവർദ്ധിത ഉല്പനങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നു. |
| 4. | കാണക്കാരി | പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |
| 5. | കറുകച്ചാൽ | 'ഒരു തദ്ദേശ സ്വയംഭരണം ഒരു ഉൽപ്പനം' പദ്ധതി പ്രകാരം കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് കപ്പ ഒരു ഉൽപന്നമായി തിരഞ്ഞെടുത്തിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതുമാണ് . |
| 6. | കൊഴുവനാൽ | 'ഒരു തദ്ദേശ സ്വയംഭരണം ഒരു ഉൽപ്പനം' പദ്ധതിയിൽ ഉൾപ്പെടുത്തി 'തേൻ ' ഉൽപ്പന്നം തെരഞ്ഞടുക്കുകയും ആയത് ജില്ലാ വ്യവസായ ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുളളതാകുന്നു. |
| 7. | കറിച്ചി | ആരഭിക്കുന്നതിനുള്ള നടപടി സ്വികരിച്ചു വരുന്നു. |
| 8. | മാടപ്പള്ളി | മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഉത്പന്നമായി തെരഞ്ഞെടുത്തിരിക്കുന്നത് ചക്കയാണ് . ചക്ക അധിഷ്ഠിതമായ 6 വ്യവസായങ്ങൾ 2022-23 ൽ തുടങ്ങിയിട്ടുണ്ട്. |
| 9. | മരങ്ങാട്ടുപിള്ളി | കപ്പ ഉൽപ്പന്ന വിപണന കേന്ദ്രം സജ്ജീകരിച്ചിട്ടുണ്ട് |
| 10. | മീനടം | ഒരു തദ്ദേശ സ്വയംഭരണം ഒരു ഉൽപ്പന്നം പദ്ധതിയുടെ ഭാഗമായി ക്ലവ തെരഞ്ഞടുത്തിട്ടുള്ളതാണ് . ടി കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി വിവിധ വാർഡുകളിൽ ജനകീയ പ്രചാരണം നടത്തിയിട്ടുള്ളതാണ് . |
| 11. | മൂന്നിലവ് | ബനാന ഒരു ഉൽപന്നമായി തിരഞ്ഞെടുത്തു. |
| 12. | മുളക്കുളം | Banana Product ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. |
| 13. | പനച്ചിക്കാട് | ആരംഭിച്ചു |

| | | |
|---|---|---|
| 14. | പൂഞ്ഞാർ തെക്കേക്കര | OLOP കാമ്പയിൻ പൂർത്തീകരിച്ചിട്ടുണ്ട് . |
| 15. | തലനാട് | പ്രചാരണം നടത്തി വരുന്നു. |
| 16. | തിടനാട് | തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| 17. | ഉദയനാപുരം | പ്രാദേശിക ഉൽപ്പന്നങ്ങളുടെ ഡിജിറ്റൽ മാർക്കറ്റിംഗ് സാധ്യമാക്കുന്ന മൊബൈൽ ആപ്പ് നിർമ്മിക്കുക |
| 18. | വാകത്താനം | തേങ്ങയിൽ നിന്നും ഉപോത് പന്നമായി ചമ്മന്തി ഉണ്ടക്കുന്ന പ്രവർത്തനമാണ് ഏറ്റെടുത്തിട്ടുള്ളത് . പ്രവർത്തനം നടന്ന് വരുന്നുണ്ട്. |
| 19. | വിജയപുരം | 2 യൂണിറ്റുകൾ ആരംഭിച്ചു. |
| 20. | വൈക്കം നഗരസഭ | തെങ്ങിൽ നിന്നുള്ള വിർജിൻ കോക്കനട്ട് ഓയിൽ, കരിക്ക് ഐസ്ക്രീം, പൊങ്ങിൽ നിന്നും പ്രോട്ടീൻ പൗഡർ യൂണിറ്റ് |